
# പ്ലാച്ചിമടയിലെ ജലം, ജീവൻ, പ്രകൃതി, ജനത
# X
# കോർപ്പറേറ്റ് മാനേജ്മെന്റ്, രാഷ്ട്രീയ/ഉദ്യോഗസ്ഥ അവിശുദ്ധ കൂട്ടുകെട്ട്

കെ.ആർ. ഇന്ദിര

**കോക്കകോള** എന്ന പാനീയവും അതിന്റെ നിർമ്മാണ രീതിയും പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിയും 2001 മുതൽ കേരളത്തിൽ ചൂടുപിടിച്ച വിവാദങ്ങളും ചർച്ചകളുമായി നിലനിന്നു വരികയാണ്. ഇത്രയേറെ ജനശ്രദ്ധ നേടുകയും ജന പിന്തുണയാർജ്ജിക്കുകയും ചെയ്തിട്ടുള്ള മറ്റൊരു പരിസ്ഥിതി സംബന്ധമായ വിഷയം കേരളത്തിൽ ഉണ്ടായിട്ടുണ്ട് എന്നു തോന്നുന്നില്ല. ഇതിനുമുമ്പ് മാവൂരിലെ ഗ്വാളിയോർ റയോൺസും ചാലിയാറിലെ മലിനീകരണവും സമാനമായ ചർച്ചകൾക്കും എതിർപ്പുകൾക്കും സമരങ്ങൾക്കും കാരണമായി റയോൺസിലെ തൊഴിലാളികൾക്ക് നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളും മാനേജ്മെന്റിന്റെ താത്പര്യങ്ങളും ഒരുവശത്തും ചാലിയാർ നദി അതിന്റെ വിഷലിപ്തമായ സാന്നിദ്ധ്യത്തോടെ മറുവശത്തും നിരന്നപ്പോൾ ന്യായബോധവും പരിസ്ഥിതി ചിന്തയും പൊതുതാത്പര്യവും ജീവസുരക്ഷയും ചാലിയാറിന്റെ പക്ഷത്ത് അണിചേർന്നു. രഹസ്യരാഷ്ട്രീയ താത്പര്യങ്ങൾ മറുവശത്തും സമരത്തിനൊടുവിൽ ചാലിയാർ ജയിച്ചത് കേരളം മറന്നിട്ടില്ല.

ഇന്ന് ചരിത്രം ആവർത്തിക്കുന്നു. പ്ലാച്ചിമടയിലെ ജലവും ജീവനും പ്രകൃതിയും ജനതയും ഒരുവശത്തും കോർപ്പറേറ്റ് മാനേജ്മെന്റും രാഷ്ട്രീയ, ഉദ്യോഗസ്ഥ അവിശുദ്ധ കൂട്ടുകെട്ട് മറുവശത്തും നിന്നുകൊണ്ടുള്ള സമരം തുടർന്നുകൊണ്ടിരിക്കുന്നു വർഷങ്ങളായി. വർഷങ്ങൾ നീണ്ട കുരുക്ഷേത്രയുദ്ധത്തെക്കുറിച്ച് മുമ്പൊന്നും നാം കേട്ടിട്ടില്ല. പക്ഷേ, ഇപ്പോഴിപ്പോൾ സമരങ്ങൾ അനന്തമാവുന്നു. എന്തുകൊണ്ട്? യൂനിയൻ കാർബൈഡിൽ നിന്ന് നഷ്ടപരിഹാരം ലഭിയ്ക്കാൻ വേണ്ടിയുള്ള, വിഷവാതകദുരന്തത്തിന്റെ ഇരകളുടെ സമരം വർഷങ്ങളേറെക്കഴിഞ്ഞിട്ടും തുടരുന്നതെന്തുകൊണ്ട്? പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി അപകടകരമാണോ അല്ലയോ, അത് നിലനിൽക്കേണമോ പൂട്ടണമോ എന്നും ഉള്ള കാര്യങ്ങളിൽ തീരുമാനമുണ്ടാകാത്തത് എന്തുകൊണ്ട്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരവും ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരവും കാണുന്നതിനുമുമ്പ് കോള കമ്പനിയെ സംബന്ധിച്ചതായി നാം മുന്നോട്ടു വെയ്ക്കുന്ന പ്രശ്നങ്ങളിൽ നമുക്കു കടന്നു ചെന്ന് ഉള്ളു കാണുവാൻ കഴിഞ്ഞിട്ടില്ലാത്ത ചില വസ്തുതകൾ സൂചിപ്പിക്കേണ്ടതുണ്ട്.



1. കോള കമ്പനിയുടെ അമിത ജലോപയോഗം ലക്ഷക്കണക്കിന് ലിറ്റർ ഭൂഗർഭ ജലം വലിച്ചെടുത്ത് അതുപയോഗിച്ച് കൊക്കകോള നിർമ്മിയ്ക്കാനായി ഒരു ബഹുരാഷ്ട്രക്കുത്തകകമ്പനിയ്ക്ക് കേരളത്തിലെ പതിന്നാലു ജില്ലകളിൽ ഏറ്റവും ജലദൗർലഭ്യമുള്ള പാലക്കാട് ജില്ലയിൽ സൗകര്യം നൽകാനിടയാക്കിയ വ്യവസായ വികസന താത്പര്യം ആരുടേതായിരുന്നു?

2. ഒരു ദരിദ്ര രാജ്യത്തെ ഭൂവ്യവസ്ഥയിൽ നിഹിതമായിരിക്കുന്ന ഭൂഗർഭജലമടക്കമുള്ള ദ്രവ്യങ്ങളെ കഴുകൻ കണ്ണുകൾ കൊണ്ട് കണ്ടെത്തുന്ന വിദേശ ശാസ്ത്രശക്തികളെക്കുറിച്ച് എന്തുകൊണ്ട് ഇവിടത്തെ ഭരണ കർത്താക്കൾക്ക് ജാഗ്രതയുണ്ടാവുന്നില്ല? അടിമകളുടെ ലായം പോലെ അകത്തുനിന്ന് തഴുതില്ലാതിരിയ്ക്കുകയും പുറത്തുനിന്ന് ഉടമയ്ക്ക് പൂട്ടാനായി തഴുതുവെയ്ക്കുകയും ചെയ്ത ജീവിതമാണോ നമ്മുടേത്?

3. അനാശാസ്യമാർഗ്ഗങ്ങളിലൂടെ ഇവിടെ ഇടം നേടിയ കോളകമ്പനി നമ്മുടെ ജീവജലം ഊറ്റിയെടുത്ത് എന്തൊരു വിശിഷ്ട ഭോജ്യമാണ് നിർമ്മിച്ചുകൊണ്ടിരിയ്ക്കുന്നത്? കോളക്കുപ്പികളിൽ കണ്ടെത്തിയഎല്ലും പല്ലും ദ്രവിപ്പിച്ചുകളയാൻ ശേഷിയുള്ള അമ്ലശക്തിയോ ക്ഷാരശക്തിയോ അടങ്ങുന്ന ഈ ദ്രാവകം എങ്ങനെയാണ് പാനീയം എന്ന നിലയിൽ പ്രചരിപ്പിയ്ക്കപ്പെടാനും വിൽക്കപ്പെടാനും ഈ രാഷ്ട്രത്തിൽ അനുമതി നേടുന്നത്? എങ്ങനെയാണ്

കോളയ്ക്ക് വേണ്ടിയുള്ള പരസ്യങ്ങൾ ഇവിടെ അനുവദിയ്ക്കപ്പെടുക? പുകവലിയ്ക്കും മദ്യത്തിനും വേണ്ടിയുള്ള പരസ്യങ്ങൾ നിരോധിയ്ക്കപ്പെടുന്ന ഒരു വ്യവസ്ഥയിൽ ആരോഗ്യത്തിനു ഹാനികരമായ ഈ പാനീയം എന്തുകൊണ്ട് ഭരണകർത്താക്കളുടെ ദൃഷ്ടിയിൽ പെടുന്നില്ല? കോളയുടെ കോമ്പിനേഷൻ കമ്പനിയുടെ രഹസ്യമാണ് എന്നതുകൊണ്ടു തന്നെ നമുക്കോ മറ്റാർക്കെങ്കിലുമോ യഥാർത്ഥത്തിൽ അതെന്താണ് എന്നറിയുവാൻ കഴിയുമോ?

4. കോളനിർമ്മാണത്തിൽ ഉണ്ടാവുന്ന ഖരമാലിന്യം എന്താണ്? എങ്ങനെയാണ് ഖരമാലിന്യം ഉണ്ടാവുന്നത്? കാഡ്മിയം, ലെഡ് തുടങ്ങിയ അപകടകരമായ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യത്തിലുള്ള എന്തൊരു തരം രാസപ്രവർത്തനമാണ് കോള നിർമ്മാണത്തിൽ നടക്കുന്നത്? രാസവളം, കീടനാശിനി തുടങ്ങിയവ നിർമ്മിക്കുന്നതുപോലെയുള്ള ഒരു ഏർപ്പാടാണോ ഈ പാനീയ നിർമ്മാണം? (അവശ്യമരുന്നുകൾപോലും ജീവഹരമാണെന്നു സംശയിക്കേണ്ടുന്ന അവസ്ഥയാണ് നമ്മുടെ രാജ്യത്തുള്ളതെന്ന് ഓർക്കണം)

5. കുടിവെള്ള പ്രശ്നം എന്ന നിലയ്ക്കാണ് പ്ലാച്ചിമടപ്രശ്നം പരിഗണിയ്ക്കപ്പെട്ടു തുടങ്ങിയത്. രാജ്യത്തിലെ ദരിദ്ര ജനതയ്ക്ക് കുടിവെള്ളം അവകാശപ്പെടാനർഹതയില്ല എന്ന തീരുമാനം ഭരണകൂടം കൈക്കൊണ്ടിട്ടുള്ളതു കൊണ്ടാണോ നദികളും ഭൂഗർഭജലവും സ്വകാര്യവൽക്കരിയ്ക്കാനും വിറ്റുതുലയ്ക്കാനും കച്ചകെട്ടിയിരിക്കുന്നത്? പൊതുസ്ഥലങ്ങളും പൊതുസ്വത്തുക്കളും ഗവൺമെന്റ് വക വസ്തുക്കളാണ് എന്നതിനർത്ഥം ധനസമ്പാദനത്തിനു വേണ്ടി അവ യഥേഷ്ടം കൈമാറ്റം ചെയ്യാനുള്ള അവകാശം ഗവൺമെന്റിനുണ്ടെന്നാണോ? പൊതുസ്വത്തുക്കളുടെ ട്രസ്റ്റി മാത്രമാണ് ഗവൺമെന്റ് എന്ന എന്തുകൊണ്ട് കരുതിക്കൂടാ?

മറ്റേതൊരു ചർച്ചയിലും എന്നപോലെ ഇവിടെയും ഭരണകൂടത്തിനെതിരെ വിരൽചൂണ്ടിക്കൊണ്ടാണ് തീരുമാനത്തിലെത്തുന്നത്. വഞ്ചകരായ ഭരണാധികാരികൾ എന്ന് സംശയ ലേശമില്ലാതെ കുറ്റപ്പെടുത്താൻ ഓരോ സന്ദർഭത്തിലും നമുക്ക് അവസരം ലഭിയ്ക്കുന്നു. ഭരണകൂടത്തിന്റെ വഞ്ചനയ്ക്കെതിരെ നീതിന്യായ പീഠമെന്ന സമീപിക്കുകയാണ് ഇപ്പോൾ നമുക്കൊരു വഴിയുള്ളത്. എന്നാൽ അവിടെനിന്ന് നീതി ലഭിക്കുന്നത് കഴിയുന്നത്ര വൈകിയ്ക്കാനും അങ്ങനെ വൈകിയ നീതിയെ ഇല്ലാത്ത നീതിയാക്കി മാറ്റാനും ഭരണാധികാരികൾക്ക് കഴിയുന്നു.

ഈ സത്യം - ഇതാണ് സത്യം - ഇത് തിരിച്ചറിഞ്ഞ് ഭരണകൂടത്തിന്റെ ധാർഷ്ട്യത്തിനും ഭീകരതയ്ക്കുമെതിരെ ശക്തിയായി തിരിച്ചടയ്ക്കാൻ സംഘം ചേരുകയും ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ഭരിയ്ക്കുന്ന യഥാർത്ഥ ഭരണകൂടം രൂപപ്പെടുത്തുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പ്ലാച്ചിമട പ്രശ്നത്തിൽ മാദ്ധ്യമങ്ങൾ തങ്ങളുടെ സാന്നിദ്ധ്യം ശക്തിയായി തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിലും മാദ്ധ്യമങ്ങളുടെയും ജനങ്ങളുടെയും ജാഗ്രത സദാ ഉണ്ടായിരിക്കുക അസാദ്ധ്യമാണ്. ഏത് വിജയകരമായ സമരവും മന്ദത പ്രാപിയ്ക്കാം. ആ തക്കം ഉപയോഗിച്ച് തന്ത്രപൂർവ്വം തിരിച്ചുവരിക ഒരു വൻകിട കമ്പനിയ്ക്ക് വളരെ എളുപ്പവുമാണ്.


## ഡോക്യുമെന്ററി സിനിമകൾ

**കയ്പ് നീര് പ്ലാച്ചിമട** / (മലയാളം), **Bitter Drink (English)** കൊക്കകോള സമരം/25 മിനിറ്റ്. **ബാക്കിപത്രം**: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ. **SOURCE OF LIFE FOR SALE**, 60 Mins., Direction : K.P. Sasi **THIRST-Privatisation of Water at Global Level** / 62 mts. , Alan Suitor, Deborah Kaufman **Stolen Water** - അപഹരിക്കപ്പെട്ട ജലം (27 മിനിട്ട്), ദയ, പ്രശാന്ത്

കോപ്പികൾക്കും പ്രദർശനത്തിനും :

കേരളീയം
തൃശൂർ - 21
ഫോൺ : 0487-2421385



## വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം



കൃഷി, പരിസ്ഥിതി, ദലിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

കേരളീയം

**വരിസംഖ്യാനിരക്ക്**
**തപാലിൽ ലഭിക്കാൻ**

12 ലക്കങ്ങൾ
- സ്ഥാപനങ്ങൾക്ക് 350 രൂപ
- വ്യക്തികൾക്ക് 180 രൂപ

- ആജീവാനാന്ത (10 വർഷം) വരിസംഖ്യ 2000 രൂപ

- ട്രസ്റ്റ് അംഗത്വം 6000 രൂപ

**M.O./D.D. അയയ്ക്കുക**

മാനേജർ,
കേരളീയം
തൃശൂർ - 21
ഫോൺ : 0487-2421385
E-mail :
keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖക്കണ്ണാടി